ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) ലോക്സഭ സ്പീക്കർ തിരഞ്ഞെടുപ്പ് ഇന്ന്. എൻ ഡി എ സ്ഥാനാർഥി ഓം ബിർള; കോൺഗ്രസ് എം.പി കൊടിക്കുന്നിൽ സുരേഷ്, പ്രതിപക്ഷ സ്ഥാനാർത്ഥി.

**Election for Lok Sabha Speaker will held today; Om Birla of N.D.A. and K Suresh of I.N.D.I.A. Bloc in the fray for the post.**

2) കോൺഗ്രസ് എം.പി രാഹുൽ ഗാന്ധി 18-ാം ലോക്സഭയിലെ പ്രതിപക്ഷ നേതാവാകും.

**Congress MP Rahul Gandhi will be the Leader of Opposition in 18th Loksabha.**

3) ഡൽഹി മദ്യനയ അഴിമതിക്കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് ജാമ്യം അനുവദിച്ച വിചാരണക്കോടതി ഉത്തരവ് സ്റ്റേ ചെയ്ത് ഡൽഹി ഹൈക്കോടതി.

**Delhi High Court stays trial court order granting bail to Chief Minister Arvind Kejriwal in alleged money laundering case.**

4) കേരളത്തിൽ ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത; കണ്ണൂരും കാസർകോടും ഓറഞ്ച് ജാഗ്രത. 6 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം.

**Heavy rain likely in Kerala today; Orange alert for Kannur and Kasaragod. Yellow alert in 6 districts.**

5) പ്രതിരോധത്തിന് ഊന്നൽ നൽകാനുള്ള സന്ദേശവുമായി ഇന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം.

**Today is International Anti-Drug Day with a message to emphasize prevention.**

6) ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങൾ നാളെ.

**ICC Men's T20 Cricket World Cup semi final matches will held tomorrow.**

## LS-SPEAKER (INTRO)

പതിനെട്ടാം ലോക്സഭയുടെ സ്പീക്കർ തിരഞ്ഞെടുപ്പ് ഇന്ന് നടക്കും. പതിനേഴാം ലോക്സഭാ സ്പീക്കറും ബി ജെ പി യുടെ മുതിർന്ന നേതാവുമായ ശ്രീ ഓം ബിർളയാണ് എൻ ഡി എ സ്ഥാനാർഥി. കോൺഗ്രസ് എം പി കൊടിക്കുന്നിൽ സുരേഷ് ആണ് ഐ എൻ ഡി ഐ സഖ്യത്തിന്റെ സ്ഥാനാർഥി.

വിശദാംശങ്ങളിലേയ്ക്ക്.....

(വോയിസ്)

## LS-SPEAKER (VOICE)

ഇരു സ്ഥാനാർത്ഥികളും ഇന്നലെ നാമനിർദേശപത്രിക സമർപ്പിച്ചു. രണ്ട് മുന്നണികളുടെയും നേതാക്കൾ സ്പീക്കർ തിരഞ്ഞെടുപ്പിൽ അഭിപ്രായസമന്വയത്തിലെത്താൻ ചർച്ചകൾ നടത്തിയെങ്കിലും ധാരണയായില്ല. ലോക്സഭാ സ്പീക്കർ എതിരില്ലാതെയാണ് തിരഞ്ഞെടുക്കപ്പെടേണ്ടതെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു പ്രതികരിച്ചു. സ്വാതന്ത്ര്യത്തിനുശേഷം ഇതുവരെ സ്പീക്കർ പദവിയിൽ തിരഞ്ഞെടുപ്പ് നടന്നിട്ടില്ല. കോൺഗ്രസ് നേതൃത്വം നൽകുന്ന പ്രതിപക്ഷ സഖ്യത്തിൻറെ ഡെപ്യൂട്ടി സ്പീക്കർ പദവി ആവശ്യം സ്പീക്കർ തിരഞ്ഞെടുപ്പിന് ശേഷം പരിഗണിക്കാൻ സർക്കാർ ഒരുക്കമാണെന്നും പ്രതിപക്ഷം തീരുമാനം പുനഃപരിശോധിക്കണമെന്നും ശ്രീ.റിജിജു വ്യക്തമാക്കി.

കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ് , അമിത് ഷാ , ജെ പി നഡ്ഡ എന്നിവർ ലോക്സഭാംഗങ്ങളായ കെ.സി.വേണുഗോപാൽ , ടി.ആർ.ബാലു എന്നിവരുമായി ചർച്ച നടത്തിയിരുന്നെന്ന് കേന്ദ്രമന്ത്രി പിയുഷ് ഗോയൽ വ്യക്തമാക്കി. എന്നാൽ ഡെപ്യൂട്ടി സ്പീക്കർ പദവി പ്രതിപക്ഷത്തിന് നൽകിയാൽ സ്പീക്കർ തിരഞ്ഞെടുപ്പിൽ എൻ.ഡി.എ യെ പിന്തുണക്കാൻ തയ്യാറാണെന്ന് കോൺഗ്രസ് എം പി രാഹുൽ ഗാന്ധി വ്യക്തമാക്കി. സ്പീക്കർ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇന്നലെ ശ്രീ.ഓം ബിർള പ്രധാനമന്ത്രിയെ സന്ദർശിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി......

## RAHUL LoP

കോൺഗ്രസ് എംപി രാഹുൽ ഗാന്ധി 18-ാം ലോക്സഭയിലെ പ്രതിപക്ഷ നേതാവാകും. പാർട്ടി ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാലാണ് ഇക്കാര്യം അറിയിച്ചത്. രാഹുൽ ഗാന്ധി സഭയിലെ പ്രതിപക്ഷ നേതാവാകുമെന്ന് അറിയിച്ച് കോൺഗ്രസ് പാർലമെൻററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി, പ്രോടേം സ്പീക്കർ ഭർതൃഹരി മെഹ്താബിന് കത്തയച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## PARLIAMENT

ലോക് സഭയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ഇന്നലെ നടന്നു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്രമന്ത്രിമാരും ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട 266 എംപിമാരുടെ സത്യപ്രതിജ്ഞ തിങ്കളാഴ്ച കഴിഞ്ഞിരുന്നു. രാഷ്ട്രപതി ദ്രൗപദി

മുർമു പാർലമെൻറിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും. രാജ്യസഭാ സമ്മേളനത്തിനും നാളെ തുടക്കമാകും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെൻറ് സമ്മേളനം.

## JAISHANKAR– AFRICA

ഇന്ത്യയുടെ മുൻഗണനകളിൽ പ്രാധാന്യത്തോടെ ആഫ്രിക്ക തുടരുമെന്ന് വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ. ആഫ്രിക്കയുമായുള്ള ഇന്ത്യയുടെ പങ്കാളിത്തം തന്ത്രപരമായ ബന്ധങ്ങൾക്കും സാമ്പത്തിക നേട്ടങ്ങൾക്കും അതീതമാണെന്ന് ന്യൂഡൽഹിയിൽ നടന്ന ആഫ്രിക്ക ദിനാചരണത്തെ അഭിസംബോധന ചെയ്ത് ഡോ. ജയശങ്കർ പറഞ്ഞു. ആഫ്രിക്കയുമായുള്ള ഇന്ത്യയുടെ ബന്ധത്തെ 10 മാർഗ്ഗനിർദ്ദേശ തത്വങ്ങൾ മുന്നോട്ട് വച്ചതിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി പുനർനിർവചിച്ചതായും അദ്ദേഹം പറഞ്ഞു.

വ്യാപാര-സാമ്പത്തിക രംഗത്ത്, ഏകദേശം 100 ബില്യൺ ഡോളറിന്റെ ഉഭയകക്ഷി വ്യാപാരവും 75 ബില്യൺ ഡോളറിലധികം നിക്ഷേപവും ഉള്ള ആഫ്രിക്കയുടെ നാലാമത്തെ വലിയ വ്യാപാര പങ്കാളിയാണ് ഇന്ത്യ.

## RBI GOVERNOR GDP GROWTH

സാമ്പത്തിക വളർച്ചയിൽ ഇന്ത്യ ഘടനാപരമായ വലിയ മാറ്റത്തിൻറെ പാതയിലാണെന്നും 8 ശതമാനം ജി.ഡി.പി വളർച്ചയിലേക്ക് സുസ്ഥിരമായി നീങ്ങുകയാണെന്നും ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ്. ബോംബെ ചേംബർ ഓഫ് കൊമേഴ്സ് ആൻറ് ഇൻഡസ്ട്രിയുടെ 188-ാമത് എ.ജി.എമ്മിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ചരക്ക് സേവന നികുതി മുന്നിട്ടുനിൽക്കുന്ന ഘടനാപരമായ പരിഷ്കാരങ്ങളാണ്

ഇന്ത്യയുടെ വളർച്ചയെ നയിക്കുന്നതെന്ന് പറഞ്ഞ ഗവർണർ, മറ്റ് പല രാജ്യങ്ങളെയും അപേക്ഷിച്ച് രാജ്യത്ത് ജി.എസ്.ടി വളരെ വേഗത്തിൽ സ്ഥിരത കൈവരിച്ചതായി വ്യക്തമാക്കി. ജി.എസ്.ടി പ്രതിമാസ തുക 1.7 ലക്ഷം കോടി രൂപയിൽ എത്തിയെന്നും വ്യവസായം കൂടുതൽ സൗകര്യപ്രദമായെന്നും അദ്ദേഹം പറഞ്ഞു.

## ARVIND KEJRIWAL

മദ്യനയ അഴിമതിക്കേസിൽ ജാമ്യം അനുവദിച്ച വിചാരണക്കോടതി ഉത്തരവ് ഡൽഹി ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ ജയിലിൽ തുടരും. കെജ്‌രിവാളിന് ജാമ്യം അനുവദിച്ച വിചാരണക്കോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് നൽകിയ ഹർജിയിലാണ് തിരിച്ചടി. അന്വേഷണ ഏജൻസിയുടെ വാദം വിചാരണ കോടതി ശരിയായി കേട്ടില്ലെന്ന ഇ.ഡിയുടെ വാദങ്ങൾ ഹൈക്കോടതി അംഗീകരിച്ചു. വിചാരണക്കോടതിയുടെ ഉത്തരവ് സ്റ്റേ ചെയ്ത ഹൈക്കോടതി ഉത്തരവിനെതിരെ കെജ്‌രിവാൾ സമർപ്പിച്ച ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും.

## NEET-2024

നീറ്റ് പരീക്ഷാ തട്ടിപ്പിൽ മഹാരാഷ്ട്രയിൽ ഒരാൾ കൂടി പിടിയിൽ. സഞ്ജയ് ജാദവിനെയാണ് ലാത്തൂർ പോലീസ് അറസ്റ്റ് ചെയ്തത്. നാല് പ്രതികളിൽ രണ്ടുപേരാണ് ഇതുവരെ അറസ്റ്റിലായത്. ലാത്തൂർ ജില്ലാ പരിഷത്ത് സ്കൂളിലെ അധ്യാപകനായ ജലീൽ ഖാൻ പത്താൻ ജൂൺ 23 ന് അറസ്റ്റിലായിരുന്നു. നീറ്റ് പരീക്ഷയെഴുതിയ 12 വിദ്യാർത്ഥികളുടെ പരീക്ഷാ അഡ്മിറ്റ് കാർഡുകൾ പ്രതികളായ സഞ്ജയ്

ജാദവിന്റെയും ജലീൽ ഖാൻ പഠാന്റെയും മൊബൈൽ ഫോണുകളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്.

## INDIA - KENYA

സർക്കാരിന്റെ നിർദ്ദിഷ്ട നികുതി വർധനയ്ക്കെതിരെ കിഴക്കൻ ആഫ്രിക്കൻ രാജ്യമായ കെനിയയിൽ അക്രമാസക്തമായ പ്രതിഷേധങ്ങൾ തുടരുന്ന പശ്ചാത്തലത്തിൽ കെനിയയിലെ ഇന്ത്യൻ പൗരന്മാർക്ക് അതീവ ജാഗ്രതാ നിർദേശം നൽകി ഇന്ത്യ. നിലവിലുള്ള സംഘർഷാവസ്ഥ കണക്കിലെടുത്ത്, കെനിയയിലെ എല്ലാ ഇന്ത്യക്കാരും അതീവ ജാഗ്രത പാലിക്കണമെന്നും അനിവാര്യമല്ലാത്ത സഞ്ചാരം നിയന്ത്രിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. പ്രതിഷേധത്തിനിടെ ആയിരക്കണക്കിന് പ്രതിഷേധക്കാർ കെനിയൻ പാർലമെന്റിലേക്ക് ഇരച്ചു കയറുകയും പാർലമെന്റിന്റെ ഒരുഭാഗം അഗ്നിക്കിരയാക്കുകയും ചെയ്തിരുന്നു.

## RAIN - KERALA

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കാസർകോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം, തൃശൂർ, പാലക്കാട് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്. കേരള തമിഴ്നാട് തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും പ്രദേശ വാസികളും ജാഗ്രത പുലർത്തണമെന്നും നിർദേശമുണ്ട്.

## VICE PREZ- KERALAM

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ അടുത്ത മാസം 6 ന് കേരളത്തിലെത്തും. തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

## WORLD DRUG DAY

ഇന്ന് ലോക ലഹരി വിരുദ്ധ ദിനം. ലോകമെമ്പാടുമുള്ള ദശലക്ഷങ്ങളെ നേരിട്ടും അല്ലാതെയും ബാധിക്കുന്ന ഒരു സാമൂഹിക വിപത്താണ് ലഹരി ഉപയോഗവും കടത്തും. ലഹരി വസ്തുക്കളുടെ വ്യാപാരവും, വിപണനവും, ഉപയോഗവും അതുമൂലമുള്ള സാമൂഹിക, സാമ്പത്തിക, ആരോഗ്യ, പ്രശ്നങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കുക, ബാധിതരായ ജനവിഭാഗങ്ങൾക്ക് പിന്തുണ ഉറപ്പാക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തെ അണിനിരത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഐക്യരാഷ്ട്രസഭ എല്ലാ വർഷവും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. '"The evidence is clear: invest in prevention"എന്നതാണ് ഈ വർഷത്തെ

ദിനാചരണ പ്രമേയം.

## WHO-TOBACCO ALCOHOL

മദ്യവും പുകയിലയും ആരോഗ്യത്തിന് ഹാനികരമെന്ന് അംഗീകരിക്കാൻ തെക്കു-കിഴക്കൻ ഏഷ്യയിലെ അംഗരാജ്യങ്ങളോട് ആഹ്വാനം ചെയ്ത് ലോകാരോഗ്യ സംഘടന. പുകയില ഉൽപന്നങ്ങളുടെ അനധികൃത വ്യാപാരം തടയുന്നതിനും റിപ്പോർട്ട് ചെയ്യപ്പെടാത്ത മദ്യ ഉപഭോഗം

കണ്ടെത്തുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും ശക്തമായ നടപടികൾ കൈക്കൊള്ളണമെന്നും ലോകാരോഗ്യ സംഘടന ആവശ്യപ്പെട്ടു. പുകയില ഉൽപന്നങ്ങളിലെ അനധികൃത വ്യാപാരം ഇല്ലാതാക്കുന്നതിനുള്ള WHO FCTC പ്രോട്ടോക്കോളിൽ ശേഷിക്കുന്ന എല്ലാ അംഗരാജ്യങ്ങളും കക്ഷികളാകണമെന്ന് ലോകാരോഗ്യസംഘടനാ റീജിയണൽ ഡയറക്ടർ പറഞ്ഞു. ആഗോള മദ്യ
ഉപഭോഗത്തിന്റെ 25 ശതമാനവും രേഖപ്പെടുത്തിയിട്ടില്ലെന്നും, പുക
യില ഉൽപ്പന്നങ്ങളുടെ ഉപയോഗം മൂലം 20-ലധികം തരം ക്യാൻസറുകൾ, ശ്വാസകോശ, ഹൃദയ സംബന്ധമായ തകരാറുകൾ, തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ഗണ്യമായി വർധിക്കുന്നതായും ലോകാരോഗ്യസംഘടന പ്രസ്താവനയിലൂടെ വ്യക്തമാക്കി.

## CRICKET

ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ നാളെ ആരംഭിക്കും. നാളെ പുലർച്ചെ ആറിന് തരാബയിൽ ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയുമായും രണ്ടാം സെമിയിൽ രാത്രി എട്ടിന് ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെ 8 റൺസിന് പാരാജയപ്പെടുത്തിയാണ് അഫ്ഗാനിസ്ഥാൻ സെമി യോഗ്യത നേടിയത്. ഇതോടെ ഓസ്ട്രേലിയ ടൂർണമെന്റിൽ നിന്ന് പുറത്തായി. തിങ്കളാഴ്ച നടന്ന സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്.

## US OPEN BADMINTON

യു എസ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ കൃഷ്ണ പ്രസാദ് ഗരാഗ - സായ് പ്രതീക് കെ സഖ്യത്തിന് വിജയം. ഐറിഷ് സഖ്യത്തെയാണ് ഇരുവരും പരാജയപ്പെടുത്തിയത്. അതേസമയം വനിതാ ഡബിൾസിൽ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം ഇന്ന് കളത്തിലിറങ്ങും. ചൈനയുടെ പി ഷെയ് - ഇ ഹുങ് സഖ്യമാണ് എതിരാളികൾ. പാരീസ് ഒളിമ്പിക്സ് അടുക്കുന്നതിനാൽ ഇന്ത്യൻ താരങ്ങളായ പി വി സിന്ധു, എച് എസ് പ്രണോയ്, ലക്ഷ്യ സെൻ തുടങ്ങിയവർ ടൂർണമെന്റിൽ നിന്ന് വിട്ടുനിൽക്കുകയാണ്.

## ICC-WARRANT

റഷ്യയുടെ മുൻ പ്രതിരോധമന്ത്രി സെർഗെയ് ഷോയ്ഗ്, ചീഫ് ഓഫ് ഡിഫെൻസ് സ്റ്റാഫ് വലേറി ഗെറാസിമോവ് എന്നിവർക്കെതിരായി അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ച് അന്താരാഷ്ട്ര ക്രിമിനൽ കോടതി. യുക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി.